പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4372

28/06/2012-ൽ മറുപടി നല്കേണ്ടത്

പത്തനംതിട്ട ഫുഡ് പ്രൊഡക്ഷൻ ഏരിയയിലുൾപ്പെട്ടവർക്ക് പട്ടയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ് (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിലെ ഫുഡ് പ്രൊഡക്ഷൻ ഏരിയയിലുൾപ്പെട്ട ഏതൊക്കെ പ്രദേശങ്ങളിലെ എത്ര കൃഷിക്കാർക്ക്, എത്ര ഏക്കർ ഭൂമികളിലാണ് ഇനിയും പട്ടയം നൽകാനുളളത്; ഓരോ പ്രദേശത്തിന്റെ പേരും വില്ലേജിന്റെ പേരും സഹിതം വ്യക്തമാക്കാമോ; | (എ) റാന്നി താലൂക്കിലെ ചിറ്റാർ സീതത്തോട് വില്ലേജിൽ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം ഫുഡ് പ്രൊഡക്ഷൻ ഏരിയയായി പ്രഖ്യാപിച്ചിട്ടുളള 179.91.85 ഹെക്ടർ വസ്തുവിന് പട്ടയം നല്കാനുണ്ട്. എന്നാൽ ടി വസ്തുവിലെ താമസക്കാരുടെ ലഭ്യമായ കണക്കനുസരിച്ച് 750 കൈവശക്കാരുണ്ട്. കോഴഞ്ചേരി താലൂക്കിൽ അരുവാപ്പുലം വില്ലേജിൽ ഉൾപ്പെട്ട 419 കൈവശക്കാർക്ക് 143.63.91 ഹെക്ടർ വസ്തുവിനും പട്ടയം നല്കാനുണ്ട്. |
| (ബി) ഇവരുടെ കൈവശ ഭൂമിയിലെ ഏതൊക്കെ മരങ്ങൾ മുറിക്കുന്നതിനാണ് ഇപ്പോൾ അനുമതിയുളളത്; | (ബി) ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽപ്പെട്ട വനവൃക്ഷങ്ങൾ അല്ലാത്ത റബ്ബർ, തെങ്ങ്, കമുക്, അൽബീസിയ എന്നീ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിൽ നിന്നുളള അനുവാദം തേടിയിട്ടുണ്ട്. |
| (സി) ഭൂമിയ്ക്ക് പട്ടയമില്ലാത്തതുമൂലം, ബാങ്ക് വായ്പ ലഭിയ്ക്കുന്നതിനുളള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |

| ചോദ്യം | ഉത്തരം |
|---|---|
| (ഡി) ഇവരുടെ കൈവശ ഭൂമിയ്ക്ക് പട്ടയം നല്കുന്നതിൽ നിലവിൽ എന്തൊക്കെ തടസ്സങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) സംയുക്തപരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥലവും ടിയാളുടെ കൈവശമുള്ള സ്ഥലവും ഒന്നുതന്നെയാണോയെന്ന് പരിശോധിച്ച് സ്ഥലം അളന്നു തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. അതിനുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രമേ പട്ടയം നല്കാൻ കഴിയുകയുള്ളൂ. |
| (ഇ) തടസ്സങ്ങൾ പരിഹരിക്കാനും ഇവർക്ക് പട്ടയം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ; | (ഇ) ടിയാളുകളുടെ സ്ഥലം അളന്നുതിട്ടപ്പെടുത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (എഫ്) ഇവരുടെ കൈവശ ഭൂമിയ്ക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ? | (എഫ്) കേന്ദ്ര സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ